# രക്ഷയുടെ പാതയിൽ



# ഈശോയെ അനുഭവിച്ച ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

6

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേണ്ടി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# പാഠം- 10




# മരണത്തെ ജയിച്ച ഈശോ

ഈശോ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് നേരത്തെ പറഞ്ഞിരുന്നതിനാൽ യഹൂദപ്രമാണിമാർ പീലാത്തോസിന്റെ അനുവാദത്തോടെ കല്ലറ മുദ്രവച്ച് പടയാളികളെ കാവലേല്പ്പിച്ചു.

മരണത്തെ ജയിച്ച ഈശോ

# ശൂന്യമായ കല്ലറ

- കല്ലറയിലേക്കു കുനിഞ്ഞുനോക്കിയപ്പോൾ കച്ചകിടക്കുന്നത് അവൻ കണ്ടു. എങ്കിലും അവൻ അകത്തു പ്രവേശിച്ചില്ല. പിന്നാലെവന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും അവൻ കണ്ടു. ശൂന്യമായ കല്ലറ ഈശോയുടെ ഉത്ഥാനത്തിന് ഒരു തെളിവാണ്.
- മരണത്തെ പരാജയപ്പെടുത്തി മഹത്വപൂർണ്ണനായി ഉയിർത്തെഴുന്നേറ്റ ദൈവപുത്രനാണ് ഈശോ.



## പ്രവചനങ്ങൾ

- “മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും, ജനപ്രമാണികൾ, പുരോഹിതപ്രമുഖന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്ക്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുകയും ചെയ്യേണ്ടതുണ്ടിയിരിക്കുന്നു.” (ലൂക്ക 9,22)

മരണത്തെ ജയിച്ച ജീവൻ

## ദൈവാലയം പുനരുദ്ധരിക്കൽ

- പ്രാവ്, ആട്, കാള മുതലായ വിൽക്കുന്നവരെയും കണ്ട് അവിടുന്ന് രോഷാകുലനായി, തന്റെ പിതാവിന്റെ ഭവനം കച്ചവടസ്ഥലമാക്കിയതിന്റെ വേദനയോടെ അവിടുന്ന് കയറുകൊണ്ട് ചമ്മട്ടിയുണ്ടാക്കി, എല്ലാവരെയും പുറത്താക്കി.
- “നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക. മൂന്നു ദിവസത്തിനകം ഞാൻ ഇതു പുനരുദ്ധരിക്കും”. തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ് ഈശോ ഇതു പറഞ്ഞത്.

മരണത്തെ ജയിച്ച ഈശോ

## യോനായുടെ അടയാളം

- ഈശോ അവർക്കു നൽകിയ അടയാളം യോനാപ്രവാചകന്റേതായിരുന്നു. പഴയ നിയമ പ്രവാചകരിലൊരാളായ യോനായ്ക്ക് ദൈവം നൽകിയ ദൗത്യം നിനെവേയുടെ മാനസാന്തരത്തിനായി അവിടെപ്പോയി പ്രസംഗിക്കുക എന്നതായിരുന്നു. എന്നാൽ യോനാ അതിഷ്ടപ്പെടാതെ താർഷീഷിലേക്കു കപ്പൽകയറി. കടൽ ക്ഷോഭിച്ചു. യോനായാണ് അതിന് കാരണക്കാരൻ എന്നു മനസ്സിലാക്കിയ കപ്പൽ ജോലിക്കാർ യോനായെ എടുത്ത് കടലിലെറിഞ്ഞു. ഒരു തിമിംഗലം വന്ന് യോനായെ വിഴുങ്ങി. മൂന്നു രാവും പകലും യോനാ മത്സ്യത്തിനുള്ളിൽ കഴിഞ്ഞു. കർത്താവ് മത്സ്യത്തോടു കല്പിച്ചു.
- മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ ഉള്ളിൽ കഴിഞ്ഞ യോനായെപ്പോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിലായിരിക്കും എന്നതാണ് ഈശോ നൽകിയ അടയാളം.

## പ്രത്യക്ഷപ്പെടൽ

- ഉത്ഥാനത്തിനു ശേഷം ഈശോ പല പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട് . മാലാഖയിൽ നിന്ന് ഈശോയുടെ ഉത്ഥാനവാർത്തകേട്ട സ്ത്രീകൾ ശിഷ്യരെ വിവരമറിയിക്കാൻ ഓടി. അപ്പോൾ ഈശോ  എതിരെ വന്ന് അവരെ അഭിവാദനം ചെയ്തു. ഈശോ അവരോടു പറഞ്ഞു. ഭയപ്പെടേണ്ടണ്ട, നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോട് ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.
- ശൂന്യമായ കല്ലറ കണ്ടണ്ട് ഈശോ ഉത്ഥാനം ചെയ്തതാണെന്നു മനസ്സിലാക്കാതെ കരഞ്ഞുകൊണ്ടു നിന്ന മഗ്ദലനമറി യത്തോട് ഈശോ  പറഞ്ഞു; ഭയപ്പെടേണ്ടണ്ടാ, നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോട് ഗലീലിയിലേയ്ക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.

- ശൂന്യമായ കല്ലറകണ്ടണ്ട് ഈശോ ഉത്ഥാനം ചെയ്തതാണെന്നു മനസ്സിലാക്കാതെ കരഞ്ഞുകൊണ്ടു നിന്ന മഗ്ദലനമറിയത്തിന് ഈശോ പ്രത്യക്ഷനായി.
- യഹൂരെ ഭയന്ന് മുറിക്കുള്ളിൽ കയറി കതകടച്ച് ഒന്നിച്ചുകൂടിയിരുന്ന ശ്ലീഹന്മാരുടെ മുൻപിൽ ഈശോ രണ്ടു പ്രാവശ്യം പ്രത്യക്ഷപ്പെട്ട് അവർക്കു സമാധാനം ആശംസിച്ചു. പിന്നീടൊരിക്കൽ തിബേരിയാസ് കടൽത്തീരത്തുവച്ച് ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി.

## ഉയിർപ്പുകാലം

- അരാധനക്രമവത്സരത്തിലെ അഞ്ചാമത്തെ കാലമാണ് ഉയിർപ്പുകാലം. ഏറ്റവും വലിയ തിരുനാളായ ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താത്തിരുനാൾവരെയാണ് ഉയിർപ്പുകാലം. തന്റെ മഹത്വപൂർണ്ണമായ ഉത്ഥാനത്തിലൂടെ മരണത്തെ കീഴടക്കി ദൈവമഹത്വം വെളിവാക്കിയ ഈശോമിശിഹായെ സ്തുതിക്കുന്ന കാലമാണിത്.



# ഉയിർപ്പുതിരുനാൾ

ഉത്ഥാനത്തെ അനുസ്മരിക്കുന്ന തിരുനാളാണ് ഉയിർപ്പു തിരുനാൾ ആരാധന ക്രമവത്സരത്തിലെ ഏറ്റവും വലിയ തിരുനാൾ ആയതുകൊണ്ടാണ് തിരുനാളുകളുടെ തിരുനാൾ എന്ന് ഇത് അറിയപ്പെടുന്നു.

## പുതു ഞായർ

- ഉയിർപ്പു തിരുനാളിനു ശേഷമുള്ള ഞായറാഴ്ചയെ പുതുഞായർ എന്നാണു വിളിക്കുന്നത്. ഉയിർപ്പുദിനശുശ്രൂഷയിൽ പുതുതായി മാമോദീസ സ്വീകരിക്കുന്നവർ വി.കൂർബാനയിൽ പൂർണ്ണമായി പങ്കുപറ്റുന്ന പ്രഥമ ഞായറാഴ്ചയാണിത്. ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്ന ദിവസമായതുകൊണ്ടണ്ടാണ് ഇതിനെ പുതുഞായർ എന്നു വിളിക്കുന്നത്.
- ഉത്ഥിതനായ ഈശോ തോമ്മാശ്ലീഹായ്ക്കു പ്രത്യക്ഷനായതിനെ അനുസ്മരിക്കുന്ന ദിവസം കൂടിയാണിത്. അതിനാൽ മാർത്തോമ്മാ ഞായർ എന്നും ഇത് അറിയപ്പെടുന്നു.

## എന്റെ തീരുമാനം

ഉത്ഥിതനായി എന്നിൽ വാഴുന്ന
ഈശോയെ നിരന്തരം
അനുസ്മരിച്ച് ഞാൻ
അവിടുത്തെ സ്തുതിക്കും.



വഴികാട്ടാൻ ഒരു
തിരുവചനം
“മിശിഹാ
ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ
ഞങ്ങളുടെ പ്രസംഗം
വ്യർത്ഥമാണ് നിങ്ങളുടെ
വിശ്വാസവും വ്യർത്ഥം.